## മധുരമായ കുട്ടികളെ - സത്ഗുരുവിന്റെ ഏറ്റവും ആദ്യത്തെ ശ്രീമതമാണ് ദേഹീ-അഭിമാനിയാകൂ, ദേഹ-അഭിമാനത്തെ ഉപേക്ഷിക്കൂ

**ചോദ്യം:-** ഈ സമയത്ത് നിങ്ങൾ കുട്ടികൾക്ക് യാതൊരു ഇച്ഛയോ ആഗ്രഹമോ വയ്ക്കാൻ സാധിക്കില്ല- എന്തുകൊണ്ട്?

**ഉത്തരം:-** എന്തുകൊണ്ടെന്നാൽ നിങ്ങളെല്ലാവരും വാനപ്രസ്ഥികളാണ്. നിങ്ങൾക്കറിയാം ഈ കണ്ണുകളിലൂടെ എന്തെല്ലാമാണോ കാണുന്നത്, അതെല്ലാം തന്നെ നശിക്കാൻ പോകുന്നതാണ്. ഇപ്പോൾ നിങ്ങൾക്ക് ഒന്നിന്റെയും ആവശ്യമില്ല, തീർത്തും യാചകനായിത്തീരണം. അഥവാ ഇങ്ങനെ ഉയർന്ന ഏതെങ്കിലും വസ്തുക്കൾ ധരിച്ചാൽ ആകർഷിക്കും, പിന്നീട് ദേഹ-അഭിമാനത്തിൽ കുടുങ്ങും. ഇതിൽ തന്നെയാണ് പ്രയത്നവും. എപ്പോഴാണോ പ്രയത്നിച്ച് പൂർണ്ണമായും ദേഹീ-അഭിമാനിയായിത്തീരുന്നത് അപ്പോഴാണ് വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുക.

**ഓം ശാന്തി**. പതിനഞ്ച് മിനിട്ട് അഥവാ അരമണിക്കൂർ കുട്ടികൾ ഇരിക്കുന്നുണ്ട്, ബാബയും 15 മിനിറ്റ് ഇരുത്തുന്നു അതായത് സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഈ ശിക്ഷണം ഒരേയൊരു തവണയാണ് ലഭിക്കുന്നത്, പിന്നീട് ഒരിക്കലും ലഭിക്കുകയില്ല. സത്യയുഗത്തിൽ ഒരിക്കലും ആത്മാഭിമാനിയായിത്തീരൂ എന്നു പറയേണ്ടതായ ആവശ്യം വരുന്നില്ല. ഈ ഒരേയൊരു സദ്ഗുരുവാണ് ഇങ്ങനെ പറയുന്നത്, മഹിമയുമുണ്ട് സദ്ഗുരുവിലൂടെ ഉയർച്ചയുണ്ടാകുന്നു ബാക്കി എല്ലാവരും നമ്മെ മുക്കികൊല്ലുന്നു(താഴ്ത്തുന്നു). ഇവിടെ ബാബ നിങ്ങളെ ദേഹീ-അഭിമാനിയാക്കി മാറ്റുന്നു. ബാബയും സ്വയം വിദേഹിയല്ലേ. മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ പറയുന്നത്, ഞാൻ നിങ്ങൾ സർവ്വാത്മാക്കളുടെയും പിതാവാണ്, ബാബയ്ക്ക് ഒരിക്കലും ദേഹിയായി ഓർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. ആരാണോ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവർ അവർ മാത്രമാണ് ഓർമ്മിക്കുക. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ദേവതാകുലത്തിലെ അംഗമായിത്തീരുന്നു. ഈ കാര്യം വളരെയധികം മനസ്സിലാക്കാനും മനസ്സിലാക്കിക്കൊടുക്കാനും ഉള്ളതാണ്. പരമപിതാ പരമാത്മാവ് നിങ്ങൾ എല്ലാവരുടേയും അച്ഛനുമാണ് ജ്ഞാനസാഗരനുമാണ്. ആത്മാവിലാണ് ജ്ഞാനം അടങ്ങിയിരിക്കുന്നത്. നിങ്ങൾ ആത്മാക്കൾ സംസ്കാരം കൊണ്ടുപോകുന്നു. ബാബയിൽ ആദ്യമേ തന്നെ സംസ്കാരം അടങ്ങിയിട്ടുണ്ട്. ബാബ നമ്മുടെ അച്ഛനാണെന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. രണ്ടാമതായി ബാബയിലുള്ള വിശേഷതയാണ് ബാബയിൽ യഥാർത്ഥ ജ്ഞാനം അടങ്ങിയിട്ടുണ്ട്. ബീജരൂപനാണ്. എങ്ങനെയാണോ ബാബ നിങ്ങൾക്ക് എല്ലാം മനസ്സിലാക്കിത്തരുന്നത് അതുപോലെ നിങ്ങൾക്കും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ബാബ മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ് . സത്യമാണ്, ചൈതന്യമാണ്, ജ്ഞാനസാഗരനാണ്, ബാബയിൽ മുഴുവൻ വൃക്ഷത്തിന്റെയും ജ്ഞാനമുണ്ട്. മറ്റാർക്കും തന്നെ ഈ വൃക്ഷത്തിന്റെ ജ്ഞാനമില്ല. ഇതിന്റെ ബീജം ബാബയാണ്, ബാബയെത്തന്നെയാണ് പരമപിതാ പരമാത്മാവെന്ന് പറയുന്നത്. എങ്ങനെയാണോ മാവിന്റെ രചയിതാവ് അതിന്റെ വിത്താണെന്ന് പറയുന്നത് എന്നാൽ അത് ജഢമാണ്. അഥവാ അത് ചൈതന്യമാണെങ്കിൽ അറിയാൻ കഴിയും എങ്ങനെ അതിൽ നിന്നും മുഴുവൻ വൃക്ഷം ഉണ്ടായി എന്ന്. എന്നാൽ അത് ജഢമാണ് അതിന്റെ ബീജം താഴെയാണ്. ബാബ ചൈതന്യ ബീജരൂപനാണ്. ബാബ മുകളിലാണ് വസിക്കുന്നത്, നിങ്ങളും മാസ്റ്റർ ബീജരൂപനാണ്. ബാബയിൽ നിന്നുമാണ് നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നത്. ബാബ ഉയർന്നതിലും ഉയർന്നതാണ്. പദവിയും നിങ്ങൾക്ക് ഉയർന്നതാണ് ലഭിക്കുന്നത്. സ്വർഗ്ഗത്തിൽ ഉയർന്ന പദവി വേണമല്ലോ. ഇതൊന്നും മനുഷ്യർ മനസ്സിലാക്കുന്നില്ല. സ്വർഗ്ഗത്തിൽ ദേവീദേവതകളുടെ രാജധാനിയാണ്. രാജധാനിയിൽ രാജാവ്, റാണി, പ്രജകൾ, സാധാരണക്കാർ-ധനവാന്മാർ ഈ പദവിയെല്ലാം തന്നെ എങ്ങനെ ലഭിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം ആദിസനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന എങ്ങനെ സംഭവിക്കുന്നു, ആര് ചെയ്യുന്നു? ഭഗവാൻ. ബാബ പറയുന്നു - കുട്ടികളേ ഡ്രാമാ പ്ലാൻ അനുസരിച്ചാണ് എല്ലാം സംഭവിക്കുന്നത്. എല്ലാം ഡ്രാമയിലാണ്. ബാബയും പറയുന്നു ഞാനും ഡ്രാമയുടെ വശത്താണ്. എനിക്കും ഡ്രാമയിൽ പാർട്ട് അടങ്ങിയിട്ടുണ്ട്. അതാണ് ഞാൻ അഭിനയിച്ചുകൊണ്ടിരിക്കുന്നത്. ബാബ പരമമായ ആത്മാവാണ്. ബാബയെ പരംപിതാവെന്നും പറയുന്നു, ബാക്കി എല്ലാവരും സഹോദരങ്ങളാണ്. മറ്റാരെയും തന്നെ അച്ഛൻ-ടീച്ചർ-സദ്ഗുരു എന്ന് പറയില്ല. ഈ കാര്യങ്ങൾ ഒന്നും തന്നെ മറക്കരുത്. എന്നാൽ കുട്ടികൾ മറന്നു പോകുന്നു. എന്തുകൊണ്ടെന്നാൽ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഓരോരുത്തരും എങ്ങനെയാണോ പുരുഷാർത്ഥം ചെയ്യുന്നത്, അത് പെട്ടെന്നു തന്നെ സ്ഥൂലത്തിൽ അറിയാൻ സാധിക്കും - ഇവർ ബാബയെ ഓർമ്മിക്കുന്നുണ്ടോ

ഇല്ലയോ? ദേഹീ-അഭിമാനിയാണോ അല്ലയോ? ഇവർ ജ്ഞാനത്തിൽ തീവ്രഗതിയിലാണോ? ഇതെല്ലാം പെരുമാറ്റത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. ബാബ ആരോടും തന്നെ നേരിട്ട് പറയാറില്ല കാരണം ബാബ എന്താണിങ്ങനെ പറയുന്നത്, മറ്റുള്ളവർ എന്തു പറയും എന്ന് ആരും തന്നെ ആശങ്കപ്പെടരുത്. വിഷമത്തിലേക്ക് വരരുത്. ബാബയ്ക്കും പറയാൻ സാധിക്കും ആര് എങ്ങനെയെല്ലാം സേവനങ്ങൾ ചെയ്യുന്നു എന്ന്. മുഴുവൻ ആധാരവും സേവനത്തിലാണ്. ബാബയും വന്ന് സേവനങ്ങൾ ചെയ്യുന്നുണ്ടല്ലോ. കുട്ടികൾക്ക് തന്നെ വേണം ബാബയെ ഓർമ്മിക്കാൻ. ഓർമ്മയുടെ വിഷയം വളരെയധികം ബുദ്ധിമുട്ടാണ്. ബാബ ജ്ഞാനവും യോഗവും പഠിപ്പിക്കുന്നു. ജ്ഞാനം വളരെയധികം എളുപ്പമാണ്. ബാക്കി ഓർമ്മയുടെ കാര്യത്തിലാണ് തോറ്റു പോകുന്നത്. ദേഹാഭിമാനത്തിലേക്ക് വരുന്നു. പിന്നീട് ഇത് വേണം, ഈ നല്ല വസ്തുക്കൾ വേണം എന്ന ചിന്തകൾ വരുന്നു.

ബാബ പറയുന്നു ഇവിടെ നിങ്ങൾ വനവാസത്തിലാണല്ലോ. നിങ്ങൾക്കിപ്പോൾ വാനപ്രസ്ഥത്തിലേക്ക് പോകണം. അപ്പോൾ നിങ്ങൾക്ക് ഇങ്ങനെയുള്ള വിലയേറിയ വസ്തുക്കളൊന്നും തന്നെ അണിയാൻ പാടില്ല. കാരണം നിങ്ങൾ വനവാസത്തിലാണ്. അഥവാ പുറംലോകത്തെ സാധനങ്ങൾ ഉണ്ടെങ്കിൽ നിങ്ങളെ അത് ആകർഷിക്കും. ശരീരവും നിങ്ങളെ ആകർഷിക്കുന്നു. ഇടയ്ക്കിടെ ദേഹാഭിമാനത്തിലേക്ക് കൊണ്ടുവരുന്നു. ഇതിൽ തന്നെയാണ് പ്രയത്നവും. പ്രയത്നം കൂടാതെ ഒരിക്കലും വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കില്ലല്ലോ. പ്രയത്നവും നമ്പർവൈസ് പുരുഷാർത്ഥ പ്രകാരം കല്പകല്പം ചെയ്തുവരുന്നു, ഇനിയും ചെയ്തുകൊണ്ടിരിക്കും. റിസൾട്ട് പ്രത്യക്ഷത്തിലേക്ക് വരുക തന്നെ ചെയ്യും. സ്കൂളിലും നമ്പർവൈസായാണ് ട്രാൻസ്ഫറാകുന്നത്. ടീച്ചർക്ക് മനസ്സിലാക്കാൻ സാധിക്കുന്നു ഈ കുട്ടി നല്ല രീതിയിൽ പ്രയത്നിച്ചു എന്ന്. ഇവർക്ക് പഠിക്കാനുള്ള താൽപര്യമുണ്ട് എന്നെല്ലാം അനുഭവമാകുന്നു. ഭൗതികമായ പഠിപ്പിലാണെങ്കിൽ ഒരിക്കൽ ട്രാൻസ്ഫറായാൽ (ക്ലാസ്സ് മാറിയാൽ) പിന്നീട് രണ്ടാമതും മൂന്നാമതുമായി ട്രാൻസ്ഫറായിക്കൊണ്ടോയിരിക്കുന്നു. ഇവിടെയാണെങ്കിൽ ഒരു തവണ മാത്രമാണ് പഠിക്കേണ്ടത്. ഇനി മുന്നോട്ട് പോകുന്തോറും എത്രത്തോളം നിങ്ങൾ സമീപത്തേക്ക് വരുന്നുവോ അത്രത്തോളം നിങ്ങൾക്ക് സർവ്വതും അറിയുവാൻ സാധിക്കുന്നു. വളരെയധികം പ്രയത്നിക്കുകയാണെങ്കിൽ തീർച്ചയായും ഉയർന്ന പദവി ലഭിക്കുന്നു. ഇതറിയാം ചിലർ രാജാ-റാണിമാരാകുന്നു, മറ്റു പലർക്കും പല-പല പദവികളാണ് ലഭിക്കുന്നത്. ധാരാളം പ്രജകളും ഉണ്ടാകുന്നു. പെരുമാറ്റത്തിലൂടെ ഇതെല്ലാം തന്നെ അറിയാൻ സാധിക്കുന്നു. ഇവർക്ക് എത്രത്തോളം ദേഹാഭിമാനമുണ്ട്, എത്രത്തോളം ബാബയോട് സ്നേഹമുണ്ട്. ബാബയോടാണ് സ്നേഹമുണ്ടായിരിക്കേണ്ടത്, ഭായി-ഭായിമാരോടല്ല. സഹോദരങ്ങളുടെ സ്നേഹത്തിലൂടെ ഒന്നും തന്നെ ലഭിക്കാനില്ല. സമ്പത്ത് ലഭിക്കുന്നത് എല്ലാവർക്കും ഒരേയൊരു ബാബയിൽ നിന്നുമാണ്. ബാബ പറയുന്നു- കുട്ടികളേ, സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്നാൽ നിങ്ങളുടെ പാപം നശിക്കുന്നു. മുഖ്യമായ കാര്യം തന്നെ ഇതാണ്. ഓർമ്മയിലൂടെ തന്നെയാണ് ശക്തി ലഭിക്കുന്നത്. ഓരോ ദിവസം കൂടുന്തോറും ബാറ്ററി നിറഞ്ഞു കൊണ്ടിരിക്കുന്നു. കാരണം ജ്ഞാനത്തിന്റെ ധാരണ ഉണ്ടായിക്കൊണ്ടിരിക്കുകയില്ലേ. ജ്ഞാനത്തിന്റെ അമ്പ് തറക്കുന്നു. പ്രതിദിനം നിങ്ങളുടെ ഉന്നതി നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ ഒരേയൊരു ബാബ മാത്രമാണ് ദേഹീ-അഭിമാനിയായിത്തീരാനുള്ള പഠിപ്പ് നൽകുന്നത്. മറ്റാർക്കും തന്നെ ഈ പഠിപ്പ് നൽകാൻ സാധിക്കില്ല, കാരണം എല്ലാവരും ദേഹ-അഭിമാനികളാണ്. ആർക്കും തന്നെ ആത്മാഭിമാനിയാകുന്നതിന്റെ ജ്ഞാനം ഇല്ല. ഏതൊരു മനുഷ്യനും അച്ഛനും-ടീച്ചറും-ഗുരുവുമായിത്തീരാൻ സാധിക്കില്ല. ഓരോരുത്തരും അവരവരുടെ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സാക്ഷിയായി എല്ലാം തന്നെ കാണുന്നു. മുഴുവൻ നാടകത്തെയും നിങ്ങൾക്ക് സാക്ഷിയായി കാണണം. അഭിനയിക്കുകയും വേണം. ബാബ രചയിതാവും സംവിധായകനും അഭിനേതാവുമാണ്. ശിവബാബ വന്ന് അഭിനയിക്കുന്നു. എല്ലാവരുടെയും പിതാവല്ലേ. ആൺമക്കൾക്കും പെൺമക്കൾക്കും വന്ന് സമ്പത്ത് നൽകുന്നു. അച്ഛൻ ഒരാളാണ്, ബാക്കി എല്ലാവരും സഹോദരങ്ങളാണ്. സമ്പത്ത് ലഭിക്കുന്നത് ഒരേയൊരു ബാബയിൽ നിന്നാണ്. ഈ ലോകത്തിലുള്ള ഒരു സാധനത്തെയും ബുദ്ധിയിൽ ഓർമ്മിക്കരുത്. കാരണം ബാബ പറയുന്നു കാണുന്നതെല്ലാം തന്നെ നശിക്കാനുള്ളതാണ്. ഇപ്പോൾ നിങ്ങൾക്ക് തിരികെ വീട്ടിലേക്ക് പോകണം. സന്യാസിമാർ ബ്രഹ്മത്തെ ഓർമ്മിക്കുന്നു അതായത് വീടിനെ ഓർമ്മിക്കുന്നു. ബ്രഹ്മത്തിൽ ലയിക്കുമെന്നു മനസ്സിലാക്കുന്നു. ഇതിനെയാണ് അജ്ഞാനമെന്നു പറയുന്നത്. മനുഷ്യർ മുക്തി-ജീവന്മുക്തിയ്ക്കായി എന്തെല്ലാമാണോ പറയുന്നത് അതെല്ലാം തന്നെ തെറ്റാണ്. എന്തെല്ലാം യുക്തികളാണോ രചിക്കുന്നത് അതും തെറ്റാണ്. ശരിയായ വഴി ഒരേയൊരു ബാബയാണ് പറഞ്ഞു തരുന്നത്. ബാബ പറയുന്നു ഞാൻ നിങ്ങളെ ഡ്രാമാ പ്ലാൻ അനുസരിച്ച് രാജാക്കന്മാരുടെയും രാജാവാക്കിയാണ് മാറ്റുന്നത്. പലരും ഇങ്ങനെ പറയാറുണ്ട്, ഞങ്ങളുടെ ബുദ്ധിയിലിരിക്കുന്നില്ല, ബാബാ ഞങ്ങളുടെ ബുദ്ധി തുറന്നു തരൂ, കൃപ കാണിക്കൂ. ബാബ പറയുന്നു, ഇതിൽ ബാബയ്ക്ക് ഒന്നും തന്നെ ചെയ്യാനുള്ള കാര്യമില്ല. മുഖ്യമായ കാര്യമിതാണ്

നിങ്ങൾക്ക് നിർദ്ദേശമനുസരിച്ച് മുന്നേറണം. ബാബയുടേതാണ് ശരിയായ ഡയറക്ഷൻ, ബാക്കി എല്ലാ മനുഷ്യരുടേതും തെറ്റായ നിർദ്ദേശങ്ങളാണ് കാരണം പഞ്ച വികാരങ്ങളടങ്ങിയവരല്ലേ. താഴേക്ക് വീണ്-വീണ് അസത്യമായിക്കഴിഞ്ഞു. എന്തെല്ലാം തന്നെ മന്ത്രവാദങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ അതിലൂടെയൊന്നും തന്നെ സുഖം ലഭിക്കുന്നില്ല. നിങ്ങൾക്കറിയാം ഇതിലൂടെയെല്ലാം തന്നെ അല്പകാലത്തേക്കുള്ള സുഖം മാത്രമേയുള്ളൂ. അതിനെയാണ് കാകവിഷ്ട സമാന സുഖമെന്നു പറയുന്നത്. ഏണിപ്പടിയുടെ ചിത്രത്തിനുമേൽ വളരെയധികം നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം, വൃക്ഷത്തിന്റെ ചിത്രം വെച്ചും പറഞ്ഞു കൊടുക്കൂ. ഏതൊരു ധർമ്മത്തിലുള്ളവർക്കും നിങ്ങൾക്ക് കാണിച്ചു കൊടുക്കാൻ സാധിക്കും. ധർമ്മസ്ഥാപകരെല്ലാം തന്നെ ഈ സമയങ്ങളിലാണ് വന്നത്, ക്രിസ്തു ഈ സമയത്ത് വരുന്നു. ആരാണോ അന്യ ധർമ്മത്തിലേക്ക് പരിവർത്തനപ്പെട്ടു പോയവർ അവർക്ക് ഈ ധർമ്മം നല്ലതായി തോന്നും, അങ്ങനെ അവർ പെട്ടെന്നു തന്നെ വരുന്നു. ബാക്കി നല്ലതായി തോന്നാത്തവർ എന്തു പുരുഷാർത്ഥം ചെയ്യാനാണ്. മനുഷ്യർ മനുഷ്യരെ കെണിയിലേക്ക് അകപ്പെടുത്തുന്നു, നിങ്ങൾക്കാണെങ്കിൽ ഒരേയൊരു ബാബയുടെ ഓർമ്മയിൽ വേണം ഇരിക്കാൻ, ഇതാണ് വളരെയധികം മധുരമായ കുരുക്ക്. ആത്മാവിന്റെ ബുദ്ധിയോഗം ഒരേയൊരു ബാബയിലേക്കാണ്. ആത്മാവിനോടാണ് ഒരേയൊരു ബാബയെ ഓർമ്മിക്കാനായി പറയുന്നത്. ഇതാണ് ഓർമ്മയുടെ കുരുക്ക്. ബാബ മുകളിലാണ് വസിക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കളാണ്, നമുക്ക് ഒരേയൊരു ബാബയെ ഓർമ്മിക്കണം. ഈ ശരീരം ഇവിടെത്തന്നെ വേണം ഉപേക്ഷിക്കാൻ. നിങ്ങൾക്ക് ഈ മുഴുവൻ ജ്ഞാനവുമുണ്ട്. നിങ്ങൾ ഇവിടെയിരുന്നുകൊണ്ട് എന്താണ് ചെയ്യുന്നത്? വാണിയിലും ഉപരി പോകാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ബാബ പറയുന്നു എല്ലാവർക്കും എന്റെ അടുത്തേക്ക് വരണം. ബാബ കാലന്റെയും കാലനല്ലേ. ആ കാലൻ ഒരാളെ മാത്രമേ കൊണ്ടുപോകൂ, അതും കൊണ്ടുപോകാനായി കാലൻ വരുന്നുമില്ല. ഇതെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ആത്മാവ് സ്വതവേ തന്നെ സമയമനുസരിച്ച് ശരീരം ഉപേക്ഷിച്ച് പോകും. ഇവിടെ ബാബയാണ് സർവ്വാത്മാക്കളെയും കൊണ്ടുപോകുന്നത്. ഇപ്പോൾ നിങ്ങളെല്ലാവരുടെയും തന്നെ ബുദ്ധിയോഗം വീട്ടിലേക്ക് പോകണം എന്നായിരിക്കണം. ശരീരം ഉപേക്ഷിക്കുന്നതിനെയാണ് മരണമെന്ന് പറയുന്നത്. ആത്മാവ് ശരീരം ഉപേക്ഷിക്കുന്നു, ശരീരം നശിച്ചു പോകുന്നു. ബാബയെ വിളിക്കുന്നതും അതിനാണ്, വരൂ വന്ന് ഈ സൃഷ്ടിയിൽ നിന്നും കൊണ്ടുപോകൂ. ഞങ്ങൾക്ക് ഇവിടെ ഇരിക്കേണ്ടതില്ല. ഇത് വളരെയധികം മോശമായ ലോകമാണ്. തീർച്ചയായും എല്ലാവർക്കും മരിക്കണം. എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. ഇപ്പോൾ വാണിയിൽ നിന്നും ഉപരി പോകണം. നിങ്ങളെ ഒരിക്കലും കാലൻ വന്ന് വിഴുങ്ങുകയില്ല. നിങ്ങൾ സന്തോഷത്തോടെയാണ് പോകുന്നത്. ശാസ്ത്രങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലേതാണ്, ഇതെല്ലാം വീണ്ടും ഉണ്ടാകും. ഇതെല്ലാം ഡ്രാമയിലെ അത്ഭുതകരമായ കാര്യങ്ങളാണ്. ഈ ടേപ്പ്, ഈ ഘടികാരം എന്തെല്ലാമാണോ ഈ സമയം കാണുന്നത്, അതെല്ലാം വീണ്ടും ഉണ്ടാവുക തന്നെ ചെയ്യും. ഇതിൽ സംശയിക്കേണ്ടതായ കാര്യമില്ല. വിശ്വത്തിന്റെ ചരിത്രം മുഴുവനായും വീണ്ടും ആവർത്തിക്കും. നിങ്ങൾക്കറിയാം നമ്മൾ വീണ്ടും ദേവതകളായിത്തീരുകയാണ്, നിങ്ങൾ തന്നെ വീണ്ടും ആയിത്തീരും. ഇതിൽ അൽപം പോലും വ്യത്യാസമുണ്ടാകില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്.

നിങ്ങൾക്കറിയാം ബാബ പരിധിയില്ലാത്ത അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്. ഇങ്ങനെ ഒരു മനുഷ്യനും സാധിക്കില്ല. നിങ്ങൾ ബ്രഹ്മാവിനെയും പിതാവെന്നാണ് പറയുന്നത്. പ്രജാപിതാ ബ്രഹ്മാവ് എന്നാണ് മുഴുവനായുമുള്ള പേര്. ബ്രഹ്മാവും പറയുന്നു, എന്നിൽ നിന്നും നിങ്ങൾക്ക് ഒരിക്കലും സമ്പത്ത് ലഭിക്കുന്നില്ല. ഗാന്ധിജിയും ബാപൂജിയും പ്രജാപിതാവായിരുന്നില്ലല്ലോ. ബാബ പറയുന്നു ഈ കാര്യങ്ങളിലൊന്നും തന്നെ നിങ്ങൾ സംശയിക്കരുത്. പറയൂ, ഞങ്ങൾ ബ്രഹ്മാവിനെ ഒരിക്കലും ഭഗവാനെന്നും ദേവതയെന്നും പറയുന്നില്ല. ബാബ പറയുന്നു, വളരെയധികം ജന്മങ്ങൾക്കു ശേഷമുള്ള അന്തിമ ജന്മത്തിലെ, വാനപ്രസ്ഥ അവസ്ഥയിലാണ് മുഴുവൻ വിശ്വത്തിനെയും പാവനമാക്കുന്നതിനായി ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നത്. കല്പവൃക്ഷത്തിന്റെ ചിത്രത്തിലും നോക്കൂ, ഏറ്റവും അവസാനമാണ് ബ്രഹ്മാവിനെ നിർത്തിയിരിക്കുന്നത്. ഇപ്പോൾ എല്ലാം തന്നെ തമോപ്രധാനവും ജീർണ്ണിച്ചതുമായ അവസ്ഥയിലാണ്. ബ്രഹ്മാവും തമോപ്രധാന അവസ്ഥയിലാണ് നിൽക്കുന്നത്, സംസ്കാരവും അതു തന്നെയാണ്. ഇദ്ദേഹത്തിൽ പ്രവേശിച്ച് ബാബ ബ്രഹ്മാവെന്നു പേര് വെച്ചു. അല്ലെങ്കിൽ നിങ്ങൾ തന്നെ പറയൂ, എവിടെ നിന്നു ബ്രഹ്മാവെന്ന പേരു വന്നു? ബ്രഹ്മാവ് പതിതമാണ്, വിഷ്ണു പാവനവും. ആ പാവനമായ ദേവതയാണ് 84 ജന്മങ്ങളെടുത്ത് പതിത മനുഷ്യനായിത്തീർന്നത്. ബ്രഹ്മാവും മനുഷ്യനിൽ നിന്നും ദേവതയായിത്തീരുകയാണ്. മനുഷ്യനെ ദേവതയാക്കി മാറ്റുക എന്നത് ബാബയുടെ കർത്തവ്യമാണ്. ഈ അത്ഭുതകരമായ കാര്യങ്ങളെല്ലാം തന്നെ വളരെ നല്ല രീതിയിൽ മനസ്സിലാക്കാനുള്ളതാണ്. ബ്രഹ്മാവ് ഒരു സെക്കന്റിലാണ് വിഷ്ണുവായിത്തീരുന്നത്, പിന്നീട് വീണ്ടും ബ്രഹ്മാവായിത്തീരുവാൻ 84 ജന്മങ്ങളെടുക്കുന്നു. ഇദ്ദേഹത്തിലാണ് ബാബ പ്രവേശിച്ച് പഠിപ്പിക്കുന്നത്, നിങ്ങളും പഠിക്കുന്നുണ്ട്.

ദേവതകളുടേത് രാജധാനിയാണ്. ലക്ഷ്മീ-നാരായണൻ, രാധാ-കൃഷ്ണൻ ഇവരുടെ ക്ഷേത്രങ്ങളുണ്ട്. പക്ഷേ ഇത് ആർക്കും തന്നെ അറിയില്ല, ആദ്യത്തെ രാജകുമാരി-കുമാരനായ കൃഷ്ണനും രാധയുമാണ് പിന്നീട് ലക്ഷ്മീ-നാരായണനായിത്തീരുന്നതെന്ന്. ഇവരാണ് യാചകനിൽ നിന്നും രാജകുമാരനായിത്തീരുന്നത്. രാജകുമാരൻ തന്നെ വീണ്ടും യാചകനുമാകുന്നു. എത്ര സഹജമായ കാര്യങ്ങളാണ്. 84 ജന്മങ്ങളുടെയും കഥ ഈ രണ്ടു ചിത്രങ്ങളിലുമുണ്ട്. ഇവരാണ് അവരായിത്തീരുന്നത്. യുഗിളായതുകൊണ്ടാണ് വിഷ്ണുവിന് ചതുർഭുജങ്ങൾ കാണിച്ചിരിക്കുന്നത്. പ്രവൃത്തി മർഗ്ഗമല്ലേ. ഒരേയൊരു സദ്ഗുരുവിനു മാത്രമാണ് നിങ്ങളെ അക്കരെ കടത്താൻ കഴിയുക. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ഇതിൽ ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. പത്നിയെക്കുറിച്ചുള്ള കാര്യങ്ങൾ പതിയോട് ചോദിക്കണം, അതുപോലെ പതിയെക്കുറിച്ചുള്ള കാര്യങ്ങൾ പത്നിയോടും ചോദിക്കൂ അപ്പോൾ അവർ പെട്ടെന്നു തന്നെ പറയും ഇവരിൽ ഇന്ന കുറവുകളെല്ലാമുണ്ടെന്ന്. ഇവർ ഈ കാര്യത്തിൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്, അല്ലെങ്കിൽ പറയും ഞങ്ങൾ രണ്ടുപേരും ശരിയായ വഴിയിലൂടെയാണ് മുന്നേറുന്നതെന്ന്. ആരും ആരെയും ബുദ്ധിമുട്ടിക്കുന്നില്ല, രണ്ടുപേരും പരസ്പരം സഹയോഗികളായി മുന്നേറുന്നുണ്ട്. ചിലർ പരസ്പരം വീഴ്ത്താനായി പരിശ്രമിക്കുന്നു. ബാബ പറയുന്നു ഇതിൽ സ്വഭാവത്തിനെ നല്ല രീതിയിൽ പരിവർത്തനപ്പെടുത്തേണ്ടതായുണ്ട്. മനുഷ്യരുടേതെല്ലാം തന്നെ ആസുരീയ സ്വഭാവമാണ്. ദേവതകൾക്ക് ദൈവീക സ്വഭാവമാണ്. ഇതെല്ലാം തന്നെ നിങ്ങൾക്കറിയാവുന്നതാണ്, അസുരന്മാരുടെയും ദേവന്മാരുടെയും യുദ്ധം നടന്നിട്ടില്ല. പഴയ ലോകവും പുതിയ ലോകവും തമ്മിൽ എങ്ങനെ ഒരുമിക്കും. ബാബ പറയുന്നു, കഴിഞ്ഞു പോയ കാര്യങ്ങൾ എന്തെല്ലാമാണോ സംഭവിച്ചിട്ടുള്ളത്, അതിനെയാണ് ശാസ്ത്രങ്ങളിൽ കഥയുടെ രൂപത്തിൽ എഴുതപ്പെട്ടിട്ടുള്ളത്. ആഘോഷങ്ങളെല്ലാം തന്നെ ഈ സമയത്തെ കാര്യങ്ങളാണ്. അത് ദ്വാപരയുഗം മുതൽക്ക് ആഘോഷിക്കുവാൻ ആരംഭിക്കുന്നു. സത്യയുഗത്തിൽ ഇതൊന്നും തന്നെ ആഘോഷിക്കുന്നില്ല. ഇതെല്ലാം തന്നെ ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ദേഹാഭിമാനം കാരണം കുട്ടികൾ ധാരാളം പോയിന്റുകൾ മറന്നു പോകുന്നു. വാസ്തവത്തിൽ ജ്ഞാനം വളരെയധികം എളുപ്പമാണ്. ഏഴു ദിവസം കൊണ്ട് മുഴുവൻ ജ്ഞാനത്തിന്റെയും ധാരണയുണ്ടാകും. ആദ്യം ഓർമ്മയുടെ യാത്രയുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധയുണ്ടായിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ പരിധിയില്ലാത്ത നാടകത്തിൽ അഭിനയിച്ചുകൊണ്ടും മുഴുവൻ നാടകത്തെയും സാക്ഷിയായി കാണണം. ഈ കാര്യത്തിൽ സംശയിക്കരുത്. ഈ ലോകത്തിലുള്ള ഏതൊരു കാര്യത്തെ കണ്ടു കൊണ്ടും ബുദ്ധിയിൽ അതിന്റെ ഓർമ്മ വരരുത്.

2) തന്റെ ആസുരീയ സ്വഭാവത്തെ പരിവർത്തനപ്പെടുത്തി ദൈവീക സ്വഭാവം ധാരണ ചെയ്യണം. പരസ്പരം സഹയോഗികളായി ജീവിക്കണം. ആരെയും ബുദ്ധിമുട്ടിക്കരുത്.

## വരദാനം - സ്വയത്തിൽ സർവ്വശക്തികളെയും എമർജ്ജ് രൂപത്തിൽ അനുഭവം ചെയ്യുന്ന, സർവ്വ സിദ്ധി സ്വരൂപരായി ഭവിയ്ക്കട്ടെ.

ലൗകികത്തിൽ ആരുടെയെങ്കിലും പക്കൽ എന്തിന്റെയെങ്കിലും ശക്തിയുണ്ടെങ്കിൽ അത് ധനത്തിന്റേതാണെങ്കിലും ബുദ്ധിയുടെതാണെങ്കിലും സംബന്ധസമ്പർക്കത്തിന്റേതാണെങ്കിലും അവർക്ക് ഈ നിശ്ചയമുണ്ടാകുന്നു, ഒന്നും വലിയ കാര്യമില്ല. ഈ ശക്തിയുടെ ആധാരത്തിൽ അവർ സിദ്ധി പ്രാപ്തമാക്കുന്നു. താങ്കളുടെ പക്കൽ സർവ്വ ശക്തികളുമുണ്ട്. അവിനാശി ധനത്തിന്റെ ശക്തി സദാ കൂടെയുണ്ട്. ബുദ്ധിയുടെ ശക്തിയുമുണ്ട്, പദവിയുടെ ശക്തിയുമുണ്ട്. സർവ്വ ശക്തികളും താങ്കളിലുണ്ട്. അതിനെ കേവലം എമർജ്ജ് രൂപത്തിൽ അനുഭവം ചെയ്യൂ. എന്നാൽ സമയത്തിനനുസരിച്ച് വിധിയിലൂടെ സിദ്ധി പ്രാപ്തമാക്കി സിദ്ധി സ്വരൂപരായിത്തീരുന്നു.

## സ്ലോഗൻ - മനസ്സിനെ പ്രഭുവിന്റെ സമ്പത്താണെന്ന് മനസ്സിലാക്കി അതിനെ ശ്രേഷ്ഠമായ കാര്യത്തിൽ ഉപയോഗിക്കൂ.